LIBRARY ARCHIVES Kerala Legislative Assembly

താലൂക്ക് ആശുപത്രി എന്നിവയുണ്ട്. ഗൈനക്കോളജി, പീഡിയാട്രിക് വിഭാഗത്തോടുകൂടിയുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട 154 ആശുപത്രികളിൽ കുമ്പളങ്ങി സി.എച്ച്.സി.യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ 2-3-2015-ൽ ഡി.എം.ഒ.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൂടാതെതന്നെ നിലവിൽ ഐ.പി. സംവിധാനമില്ലാത്ത പി.എച്ച്.സി.കളിൽനിന്നും ആവശ്യംവേണ്ട തസ്തികകൾ കുമ്പളങ്ങി സി.എച്ച്.സി.യിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം നാഷണൽ ഹെൽത്ത് മിഷനിൽനിന്ന് ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ കാര്യങ്ങൾ നടപ്പിലാക്കിവരുന്ന ഒരു പശ്ചാത്തലത്തിൽ അവിടെ തുടർന്നുവരുന്ന സമരം പിൻവലിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കണമെന്ന് ഞാൻ എം.എൽ.എ.യോട് ആവശ്യപ്പെടുകയാണ്. ഇക്കാര്യങ്ങളെല്ലാം തീർച്ചയായും പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

8. ആയുർവേദാശുപത്രിയിൽ കിടത്തി ചികിത്സാ വിഭാഗം

<u>ശ്രീ. വി. റ്റി. ബൽറാം:</u> സർ, ഞാൻ നേരത്തെ ഒരു തവണ ഈ സഭയ്ക്കുമുമ്പാകെ കൊണ്ടുവന്ന ഒരു വിഷയം വീണ്ടുമൊരിക്കൽകൂടി അവതരിപ്പിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താലയെക്കുറിച്ച് താങ്കൾക്ക് നേരിട്ടറിയാം, ആയുർവേദ ചികിത്സാ രംഗത്ത് എത്രയോ നൂറ്റാണ്ടുകളുടെ പ്രശസ്തമായ പാരമ്പര്യമുള്ള ഒരു പ്രദേശമാണത്. നിരവധി പ്രമുഖമായിട്ടുള്ള സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ കിടത്തി ചികിത്സയുള്ള ഒരു ആയുർവേദ സ്ഥാപനം എന്റെ നിയോജകമണ്ഡലത്തിൽ ഇതുവരെയില്ല. കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദാശുപത്രി ഇപ്പോൾ ഡിസ്പെൻസറിയായി പ്രവർത്തിച്ചുവരികയാണ്. അവിടെ അനുബന്ധ കെട്ടിടങ്ങളടക്കമുള്ള എല്ലാ സൗകര്യങ്ങളുമുണ്ട്. ബഹുമാന്യനായ മന്ത്രിതന്നെ അവിടെ മുന്നു വ്യത്യസ്ത പൊതുപരിപാടികളിൽ വന്നയവസരത്തിൽ ഈ വിഷയം സൂചിപ്പിച്ചപ്പോൾ അത് തീർച്ചയായും അനുവദിക്കാമെന്ന താങ്കളുടെ ഉറപ്പ് പൊതുസമൂഹത്തിന് മുമ്പിലുണ്ട്. അതുകൊണ്ട് എത്രയും പെട്ടെന്ന് കൊഴിക്കര ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടി ഡോക്ടർമാരെയും മറ്റ് പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുവേണ്ടിയുള്ള തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഐ.എസ്.എം. ഡയറക്ടർ ഓഫീസിൽ ഇതുമായി ബന്ധപ്പെട്ടുള്ള ഫയൽ താങ്കളുടെ പരിഗണനയിലുണ്ട്. എത്രയും പെട്ടെന്ന് ആ ഫയലിൽ അനുകൂല തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ, സൗജന്യമായി ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് ചാലിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. ഈ ആശുപത്രി വലിയ വികസന സാധ്യതകൾ തേടുകയാണ്. ഇതിന്റെ ഭാഗമായി 24x7 എന്ന രീതിയിൽ ഈ ആശുപത്രിയെ പ്രവർത്തിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിക്കണമെന്നുകൂടി ഞാൻ താങ്കളോട് അഭ്യർത്ഥിക്കുകയാണ്. എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളും

പ്രതിസന്ധികളുമൊക്കെയുണ്ടെന്ന് അറിയാമെങ്കിൽപ്പോലും അതിനെയെല്ലാം മറികടന്ന് ഈ രണ്ട് പ്രധാനപ്പെട്ട ആവശ്യങ്ങളിലും എത്രയുംവേഗം അനുകൂലമായ തീരുമാനം സഭയുമ്പാകെ പ്രഖ്യാപിക്കണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃത്താല നിയോജകമണ്ഡലത്തിലെ കപ്പൂർ പഞ്ചായത്തിലെ കൊഴിക്കര ആയുർവേദ ഡിസ്പെൻസറിയെ 20 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് കപ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25-1-2014-ലെ തീരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. എം.എൽ.എ.യുടെ ആവശ്യവും സർക്കാർ പരിഗണിച്ചുവരികയാണ്. ഈ ആയുർവേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുന്നതിന് കെട്ടിടമുൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാണെന്നുറപ്പുവരുത്തി ആവശ്യമായ തസ്തികകളുടെ എണ്ണം, ഫണ്ടിന്റെ ലഭ്യത എന്നിവ സഹിതം വിശദമായ ശിപാർശ സമർപ്പിക്കുവാൻ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഡിസ്പെൻസറി കോമ്പൗണ്ടിൽ 31-1-2004-ൽ നിർമ്മിതി കേന്ദ്രം മുഖേന പണി പൂർത്തീകരിച്ച കെട്ടിടവും ആവശ്യമായ ഭൗതീക സാഹചര്യങ്ങളും നിലവിലുണ്ട്. കിടത്തി ചികിത്സയുള്ള 20 കിടക്കയുള്ള ആശുപത്രിയായി ഉയർത്തുന്നതിന് പുതിയതായി 10 തസ്തികകൾ ആവശ്യമുണ്ട്. അതിന് 26,47,736 രൂപ ആവശ്യമുണ്ടെന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ശിപാർശ, ഫണ്ട് ലഭ്യത എന്നിവ ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറിൽനിന്ന് ലഭ്യമായിട്ടില്ല. ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഈകാര്യം പരിഗണിക്കുന്നതാണ്. ചാലിശ്ശേരി സി.എച്ച്.സി.യുടെ കാര്യം എം.എൽ.എ. പറഞ്ഞു. ഡയാലിസിസ് സെന്റർ അവിടെ ആരംഭിക്കാൻ എം.എൽ.എ.യുടെ നേതൃത്വത്തിൽതന്നെ നടപടിയെടുത്ത് ആരംഭിക്കുകയും അത് ഭംഗിയായി നടക്കുകയും ചെയ്യുന്നുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ 154 സി.എച്ച്.സി.കളിൽ ഗൈനക്കോളജി, പീഡിയാട്രിക് ഉൾപ്പെടെയുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആലോചനകൾ ഗവൺമെന്റ് നടത്തുന്നുണ്ട്. അതിനൊരു തീരുമാനമാകുമ്പോൾ തീർച്ചയായും ഈ ആശുപത്രിയും പരിഗണിക്കുന്നതാണ്.

9. സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്ക് സംവരണം

ശ്രീ. കെ. അജിത്: സർ, കേരളത്തിലെ ആരോഗ്യരംഗം വലിയ കുതിച്ചു ചാട്ടത്തിന്റെ വക്കിൽ നിൽക്കുകയാണ്. അതുകൊണ്ടുതന്നെ ഇപ്പോൾ കേരളത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ നിരവധി വന്നുകൊണ്ടിരിക്കുകയാണ്. നമ്മുടെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ഇല്ലെന്നുള്ളതാണ് ഞാൻ സൂചിപ്പിക്കാനാഗ്രഹിക്കുന്നത്. 100 സീറ്റുകളാണ് സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്കുള്ളത്. അവിടെ സംവരണം പാലിക്കപ്പെടുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിയമം അനുശാസിക്കുന്ന 10% സംവരണം നൽകുകയാണെങ്കിൽ മികച്ച ഡോക്ടർമാരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്ന് സൃഷ്ടിക്കപ്പെടാനും

LIBRARY ARCHIVES Kerala Legislative Assembly